## പതിനാലാം കേരള നിയമസഭ
## 9-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 747** **24.01.2018 -ൽ മറുപടിയ്ക്ക്**

### കുറിഞ്ഞി സീസൺ

**ചോദ്യം**

ശ്രീ.വി.പി.സജീന്ദ്രൻ :

**ഉത്തരം**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) ആഗസ്റ്റിൽ ആരംഭിക്കുന്ന കുറിഞ്ഞി സീസണിൽ മൂന്നാർ, ഇരവികുളം നാഷണൽ പാർക്ക് എന്നിവിടങ്ങളിൽ സന്ദർശകരുടെ ബാഹുല്യം കണക്കിലെടുത്ത് എന്തെല്ലാം ഒരുക്കങ്ങൾ നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എ) മൂന്നാറിൽ 12 വർഷം കൂടുമ്പോൾ പൂക്കുന്ന നീലക്കുറിഞ്ഞി പൂക്കുന്ന സീസണിൽ സന്ദർശകരുടെ തിരക്ക് മുന്നിൽ കണ്ട് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുന്നതിന് ടൂറിസം വകുപ്പ് നേരത്തെ തന്നെ തീരുമാനിക്കുകയും ടൂറിസം ഡയറക്ടറും ഇടുക്കി ജില്ലാ കളക്ടറും വനം വകുപ്പും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നു 11/10/2017 ൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലും 3/1/2018 ൽ ടൂറിസം, വനം മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിലും നീലക്കുറിഞ്ഞി പൂക്കുന്നതിനു മുന്നോടിയായി വിവിധ വകുപ്പുകൾ/ഏജൻസികൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് തീരുമാനമെടുത്തിരുന്നു. വാഹന നിയന്ത്രണ മേർപ്പെടുത്തൽ, പാർക്കിംഗ് സൗകര്യം വർദ്ധിപ്പിക്കൽ, മാലിന്യ നിർമ്മാർജ്ജനം, ശുചിമുറിസൗകര്യം വർദ്ധിപ്പിക്കൽ ദുരന്തങ്ങൾ നേരിടുന്നതിനുള്ള മുന്നൊരുക്കങ്ങൾ , റോഡ് പ്രവൃത്തികൾ / അറ്റകുറ്റ പണികൾ, ആശുപത്രി സൗകര്യം വർദ്ധിപ്പിക്കൽ, നീലകുറിഞ്ഞി ചെടികളുടെ സംരക്ഷണം ഒരുക്കൽ എന്നിവയ്ക്ക് നടപടികൾ സ്വീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.ഇരവികുളം നാഷണൽ പാർക്കിൽ അടിസ്ഥാന സൗകര്യവികസനത്തിനായി ടൂറിസം വകുപ്പ് മൂന്നാർ വൈൽഡ് ഡിവിഷന് 88 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കാലയളവിൽ മൂന്നാറിൽ വാഹനനിയന്ത്രണവും സന്ദർശകനിയന്ത്രണവും ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | നീലക്കുറിഞ്ഞി പൂക്കുന്ന സീസണാകുമ്പോൾ സ്വകാര്യ വാഹനങ്ങൾ മൂന്നാർ ടൗണിൽ നിന്നും ഇരവികുളം പാർക്ക് ഭാഗത്തേക്ക് അനുവദിക്കില്ലെന്നും സ്വാകര്യ വാഹനങ്ങളിലെത്തുന്ന സന്ദർശകർ വാഹനങ്ങൾ നിശ്ചിത പാർക്കിംഗ് ഏരിയായിൽ പാർക്ക് ചെയ്തതിനുശേഷം KSRTC/DTPC വാഹനങ്ങളിൽ ഇരവികുളം പാർക്കിലുള്ള ചെക് പോസ്റ്റിലെത്തിക്കുകയും അവിടെ നിന്നും വനം വകുപ്പ് വാഹനങ്ങളിൽ പാർക്കിനുള്ളിലേക്ക് കയറ്റുകയും അതേ രീതിയിൽ സന്ദർശകരെ തിരികെ എത്തിക്കാനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ ഇത്തരം നിയന്ത്രണം കൊണ്ടുവരുന്നത് ഏതെങ്കിലും പഠനത്തിന്റെ വെളിച്ചത്തിലാണോ എന്ന് വിശദമാക്കുമോ; | (സി) | മുൻ നീലക്കുറിഞ്ഞി സീസണിലെ സന്ദർശക തിരക്ക് നിലവിൽ മൂന്നാറിലെത്തുന്ന സന്ദർശകരുടെ എണ്ണം എന്നിവ പരിഗണിച്ചാണ് ഇത്തരം നിയന്ത്രണം കൊണ്ടുവന്നത്.നീലക്കുറിഞ്ഞി സീസണുമായി ബന്ധപ്പെട്ട് തീരുമാനിച്ചിട്ടുള്ള വിവിധ പഠനങ്ങൾ ഒറ്റ പഠനമായി നടത്താൻ NATPAC നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പന്ത്രണ്ടുവർഷത്തിലൊരിക്കൽ മാത്രം ഉണ്ടാകുന്ന ഈ പ്രതിഭാസം ലോക ടൂറിസം മാപ്പിൽ ഇടം പിടിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ? | (ഡി) | കുറിഞ്ഞി സീസൺ 2018 ന് ലോക ടൂറിസം മാപ്പിൽ ഇടം ഉറപ്പിക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായി വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രചാരണം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വെബ്സൈറ്റിലൂടേയും യൂറ്റ്യൂബ് ചാനലിലൂടേയും ആണ് പ്രചാരണം പ്രധാനമായും നടത്തുക. ടൂറിസം വെബ്സൈറ്റിലേക്കും, യൂറ്റ്യൂബ് ചാനലിലേക്കും കുറിഞ്ഞിയെക്കുറിച്ചുള്ള വിവരങ്ങൾ തേടുന്ന പത്തു ലക്ഷം പേരെയെങ്കിലും എത്തിക്കുകയാണ് പ്രചാരണത്തിന്റെ ലക്ഷ്യം. "Campaign for Neelakurinji Season 2018" ന് വേണ്ടി 64 ലക്ഷം രൂപയുടെ സർക്കാർ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ